കോന്നി നിയോജകമണ്ഡലത്തിലെ 33 കെ.വി. സബ്സ്റ്റേഷന്റെ പണി

95 (247) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പണി ടെണ്ടർ ചെയ്യാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ 33 കെ.വി. സബ്സ്റ്റേഷന്റെ പണി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കോന്നി 33 കെ.വി.സബ്സ്റ്റേഷന്റെ പ്രവർത്തനത്തിനായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 4 (1) നോട്ടിഫിക്കേഷനുള്ള നടപടികൾ പൂർത്തിയായിരുന്നു.

(ബി) ഉടമസ്ഥാവകാശം കെ. എസ്.ഇ.ബി.ക്ക് കൈമാറിയിട്ടില്ല. നെഗോഷ്യേറ്റഡ് പർച്ചേസിന് ഉടമസ്ഥൻ സമ്മതിച്ചിട്ടില്ല.

(സി) സ്ഥലം ലഭിക്കാത്തതുകൊണ്ട് ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) സ്ഥലം ലഭിച്ചാലുടനെ പണി ആരംഭിക്കുന്നതാണ്.

എഴുകോൺ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിൽ ആരംഭിക്കുന്ന സബ്സ്റ്റേഷനുകൾ

96 (248) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിൽ എവിടെയൊക്കെയാണ് 33 കെ.വി.സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കാലതാമസം കൂടാതെ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഴുകോൺ, ഈസ്റ്റ് കല്ലട എന്നീ സ്ഥലങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആയിട്ടുണ്ട്.

(ബി&സി) സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു. സ്ഥലം ലഭിച്ചാലുടൻ കാലതാമസം കൂടാതെ പണി ആരംഭിക്കുന്നതാണ്.

സ്പോട്ട് ബില്ലിംഗ് സമ്പ്രദായം:

97 (249) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി ബോർഡ് എവിടെയെല്ലാം സ്പോട്ട്ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബാക്കിയുള്ള സ്ഥലങ്ങളിൽകൂടി ഈ രീതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) രണ്ട് മാസത്തെ ഉപഭോഗം മൊത്തമായി മീറ്റർ റീഡിംഗ് എടുത്ത് സ്പോട്ട് ബില്ലിംഗ് നടത്തുന്ന കാരണം അധിക ചാർജ് നൽകേണ്ടി വരുന്നതായുള്ള ഉപഭോക്താക്കളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ബി) ഉണ്ട്.

(സി&ഡി) സ്പോട്ട് ബില്ലിംഗ് സമ്പ്രദായമനുസരിച്ച് രണ്ട് മാസത്തിൽ ഒരിക്കലാണ് റീഡിംഗ് എടുക്കുന്നത്. ഇതനുസരിച്ച് ലഭിക്കുന്ന രണ്ട് മാസത്തെ ഉപഭോഗത്തിന്റെ പകുതി ഒരു മാസത്തെ ഉപഭോഗമായി കണക്കാക്കി നിലവിലുള്ള താരിഫ് നിരക്കനുസരിച്ച് ബില്ല് ചെയ്ത തുകയുടെ ഇരട്ടിക്കാണ് രണ്ടുമാസത്തെ വൈദ്യുതി ചാർജ്ജായി ബില്ല് നൽകുന്നത് ആയതിനാൽ ഉപഭോക്താവിന് അധിക ചാർജ്ജ് നൽകേണ്ടി വരുന്നില്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുത പദ്ധതികൾ

98 (250) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം - IX

LIBRARY ARCHIVES Kerala Legislative Assembly